# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2656** — **09.07.2015-ൽ മറുപടിക്ക്**

## ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് അനുമതി നൽകുമോ; | (എ) ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് സമർപ്പിച്ച വിശദമായ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന് സംസ്ഥാന വിഹിതമായി എത്ര ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത് ; | (ബി) 2015-16 ബജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല. |
| (സി) ഇതിനായി എത്ര സെന്റ് ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 20 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടിവരും. എന്നാൽ സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ